**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : U.V.Jose IAS (Retd)**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ ഇനോക്കുലം സപ്ലൈ ചെയ്യുന്നതിലേയ്ക്ക് ഒമേഗ എക്കോടെക് പ്രോഡക്റ്റ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 31.12.2014-ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.08.2018-ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.07.2024 തീയതിയിലെ 6482/C4/2023/SM നമ്പർ നടപടിക്രമം.
4. 30.11-2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നമ്പർ: SM/1095/2024-C4 തീയതി: 17-12-2024

**ഉത്തരവ്**

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (3) പ്രകാരം സാങ്കേതിക സമിതി പുന:സംഘടിപ്പിച്ചിരുന്നു.

ഇനോക്കുലം സപ്ലൈ ചെയ്യുന്നതിന് ശുചിത്വ മിഷന്റെ അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് ഒമേഗ എക്കോടെക് പ്രോഡക്റ്റ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസി അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (4) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത ഏജൻസി സമർപ്പിച്ച അപേക്ഷയും, NIIST-ൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റി

*"Within a period of one year the applicant must verify the decomposition ability of the organisms by conducting the in-vitro tests on the common components like cellulose, hemi-cellulose, protein, starch, peptin etc and must submit the test results to Suchitwa Mission"*

എന്ന നിബന്ധനയോടെ ഒമേഗ എക്കോടെക് പ്രോഡക്ക്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിക്ക് ഇനോക്കുലം സപ്ലൈ ചെയ്യുന്നതിന് ഒരു വർഷത്തേയ്ക്ക് അനുമതി നൽകുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി. ടി ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (4) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള ഒമേഗ എക്കോടെക് പ്രോഡക്ക്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിക്ക് ഇനോക്കുലം സപ്ലൈ ചെയ്യുന്നതിന് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസികളുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ആയിരിക്കും.

| Name of Agency | Area Recommended |
|---|---|
| Omega Ecotech Products India Pvt Ltd.<br>No 91/5D, Maha Nagar, Saravanampatti,<br>Coimbatore, Tamil Nadu - 641035.<br>Mob : 9443703384<br>Email : omegaeco@gmail.com | Supplying inoculum |

**<u>നിബന്ധനകൾ</u>**

1. ഈ അംഗീകാരത്തിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.
2. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് വേണം താങ്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
3. സേവനദാതാവ് എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം താങ്കൾക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
6. ഇനോക്കുലം നിർമ്മിക്കുമ്പോൾ രോഗകാരിയായ ബാക്ടീരിയകൾ കലരുന്നില്ല എന്നും, ഇനോക്കുലം ഉപയോഗം മൂലം പ്രകൃതിക്കൊ, മനുഷ്യനൊ യാതൊരു വിധ കേടുപാടുകളും, രോഗ ബാധകളും ഉണ്ടാകാതിരിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതും അത്തരത്തിൽ

യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകുന്നില്ലായെന്ന് ഇനോക്കുലം നിർമ്മാണ ഏജൻസി ഉറപ്പ് വരുത്തേണ്ടതുമാണ്.

7. വിതരണം ചെയ്യുന്ന ഇനോക്കുലത്തിന്റെ ഗുണനിലവാരവും, ഏജൻസിയുടെ പ്രവർത്തന മികവും ശുചിത്വ മിഷൻ വിലയിരുത്തുന്നതുമാണ്. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശ പ്രകാരമുള്ള നിബന്ധനകളും ഈ ഉത്തരവിലെ നിബന്ധനകളും പാലിക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും എംപാനൽമെന്റ് പുതുക്കുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നത്.
8. അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച ഗുണനിലവാരത്തിലുള്ള ഇനോക്കുലം തന്നെ ആയിരിക്കണം വിതരണം ചെയ്യേണ്ടത്. ഗുണനിലവാര പരിശോധനകൾ സർക്കാർ മാർഗരേഖ പ്രകാരം അനുവർത്തിക്കേണ്ടതാണ്.
9. സേവന കാലാവധി തീരുന്ന മുറയ്ക്ക് താങ്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്.
10. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
11. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞ നിബന്ധകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, മേൽ പറഞ്ഞവയ്ക്ക് ഉപരിയായി, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ, താങ്കളുടെ സേവനം തൃപ്തികരമല്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷമോ നിലവിലെ അംഗീകാരം യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
12. സർക്കാർ/ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ പങ്കെടുത്ത് സഹകരണം ഉറപ്പാക്കേണ്ടതാണ്.

U.V.Jose IAS (Retd)

EXECUTIVE DIRECTOR

സ്വീകർത്താവ് :

ഒമേഗ എക്കോടെക് പ്രോഡക്റ്റ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി).
2. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ

മുഖേന).

5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.